بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**20-02-2026**

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹൃദ്യമായ ദൈവാരാധന

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ് തഅവ്വുദ് സൂറ: ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) പറഞ്ഞു:

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നലെ മുതൽ റമദാൻ ആരംഭിച്ചു. അല്ലാഹുവുമായുള്ള ബന്ധം സ്ഥാപിക്കുന്നതിനും സ്വന്തം ആത്മീയ സംസ്കരണത്തിനുമായി അല്ലാഹു നമുക്ക് പ്രത്യേകമായി നല്കിയ വ്രതാനുഷ്ഠാനങ്ങളുടെ മാസമാണിത്. ഈ മാസത്തിൽ നിന്ന് പരമാവധി പ്രയോജനം നേടാൻ ഓരോ അഹ്മദിക്കും അല്ലാഹു തൗഫീഖ് നല്കട്ടെ. എന്നാൽ റമദാന് ശേഷവും നമ്മൾ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെയും ആരാധനയുടെയും നിലവാരങ്ങൾ നിലനിർത്തുകയും അവ ഉയർത്താൻ ശ്രമിക്കുകയും ചെയ്യുമ്പോഴേ യഥാർഥ പ്രയോജനം ലഭിക്കുകയുള്ളൂ എന്ന് എപ്പോഴും ഓർക്കണം. എങ്കിൽ മാത്രമേ നമ്മുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം പൂർത്തിയാക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. കഴിഞ്ഞ ഏതാനും വെള്ളിയാഴ്ചകളായിനബിതിരുമേനി(സ)യുടെ അല്ലാഹുവിനോടുള്ള സ്നേഹം, ആരാധനാ രീതികൾ, ആരാധനയുടെ നിലവാരങ്ങൾ എന്നിവയെക്കുറിച്ചും സത്യവിശ്വാസികൾക്ക് ആ പുണ്യാത്മാവ് നല്കിയ ഉപദേശങ്ങളെക്കുറിച്ചും നിർദേശങ്ങളെക്കുറിച്ചും ഞാൻ വിവരിച്ചു വരുകയായിരുന്നു. പിന്നീട് ആ പുണ്യാത്മാവിന്റെ യഥാർഥ ദാസന്റെ നബി തിരുമേനി (സ)യുടെ ഉത്തമ മാതൃക യഥാതഥമായി പിന്തുടർന്ന സംഭവങ്ങളും വിവരിക്കുകയുണ്ടായി. ഈ വിഷയം ഇപ്പോഴും തുടരുകയാണ്, ഇന്ന് റമദാന്റെ പശ്ചാത്തലത്തിലും ഇത് തന്നെ തുടരും.

ഈ സംഭവങ്ങൾ കേട്ട് ആസ്വദിക്കുക എന്നത് മാത്രമാകരുത് ലക്ഷ്യം. മറിച്ച് ഇവ നമുക്ക് വഴികാട്ടിയായിരിക്കണം. പ്രസ്തുത സംഭവങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് രേഖപ്പെടുത്തിയ ഒരു നിവേദനം ഞാൻ അവതരിപ്പിക്കാം. മൗലവി മുഹമ്മദ് അബ്ദുല്ലാഹ് ബട്ടാൽവി സാഹിബിന്റെ ഒരു വിവരണം അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അല്ലാഹുവുമായുള്ള ബന്ധത്തിലേക്കും തഖ്വയിലേക്കും പരിശുദ്ധിയിലേക്കും ആരാധനയിലുള്ള താല്പര്യത്തിലേക്കും വെളിച്ചം വീശുന്നതാണ്. അമത്തുർ റഹ്മാൻ സാഹിബ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീട്ടിൽ താമസിച്ചിരുന്ന കാലത്ത് കണ്ട ഒരു കാര്യം ഇപ്രകാരം വിവരിച്ചു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദും(അ) ഹദ്റത്ത് ഉമ്മുൽ മുഅ്മിനീനും കണ്ണടച്ചുകൊണ്ട് കടലാസിൽ എഴുതാൻ സാധിക്കുമോ എന്ന് പരീക്ഷിച്ചു

നോക്കാൻ ആഗ്രഹിച്ചു. അങ്ങനെ ഒരു കടലാസ് കഷ്ണം എടുത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിൽ ചില വരികൾ എഴുതി. ആ കടലാസ് നഷ്ടപ്പെട്ടുവെങ്കിലും അതിലെ ഓരോ അക്ഷരവും തനിക്ക് കൃത്യമായി ഓർമയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിൽ എഴുതിയത് ഇപ്രകാരമായിരുന്നു: മനുഷ്യൻ എല്ലാ സമയത്തും അല്ലാഹുവിനെ ഭയപ്പെടുകയും അഞ്ചു നേരവും അവന്റെ സന്നിധിയിൽ പ്രാർഥിച്ചു കൊണ്ടിരിക്കുകയും വേണം.

ഇതാണ് അദ്ദേഹം എല്ലായ്പ്പോഴും തന്റെ അനുയായികളെ ഉപദേശിച്ചുകൊണ്ടിരുന്ന നിലവാരം. തന്റെ അനുയായികൾ, മറിച്ച് ഓരോ സത്യവിശ്വാസിയും അല്ലാഹുവിനെ ഭയപ്പെടുന്നവരും എല്ലായ്പ്പോഴും ആരാധന യിലേക്ക് ശ്രദ്ധ തിരിക്കുന്നവരും ആയിരിക്കണം എന്ന ചിന്ത മാത്രമായിരുന്നു അദ്ദേഹത്തിന് എല്ലായ്പ്പോഴും ഉണ്ടായിരുന്നത്.

ഇത്തരത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ് മറ്റൊരു സംഭവം കൂടി വിവരി ച്ചിട്ടുണ്ട്. മിയാൻ അബ്ദുല്ലാഹ് സാഹിബ് സന്നോരി വിവരിക്കുന്നു: 1884-ൽ ഹദ്റത്ത് സാഹിബ് ഖാദിയാന് പുറത്തുപോയി എവിടെ യെങ്കിലും ചില്ലാകശി (ഏകാന്ത ഭജനം) അനുഷ്ഠിക്കണമെന്നും ഒപ്പം ഇന്ത്യ മുഴുവൻ ഒന്ന് ദേശാടനം നടത്തണമെന്നും ആഗ്രഹിച്ചു. ഗുർദാസ്പൂർ ജില്ലയിലെ സുജാൻപൂരിൽ പോയി ഏകാന്തതയിൽ കഴിയാനായിരുന്നു അദ്ദേഹം ഉദ്ദേശിച്ചിരുന്നത്. എന്നാൽ പിന്നീട് സുജാൻപൂർ യാത്രയുമായി ബന്ധപ്പെട്ട് ഹുസൂ റിന് ഒരു ഇൽഹാം ഉണ്ടായി: നിന്റെ പ്രശ്നപ രിഹാരം ഹോശിയാർപൂരിലായിരിക്കും. 1886 ജനുവരിയിൽ അദ്ദേഹം ഹോശിയാർപൂരിലേക്ക് പോകാനൊരുങ്ങിയപ്പോൾ മിയാൻ അബ്ദുല്ലയെ കത്തെഴുതി ഖാദിയാനിലേക്ക് വിളിപ്പിച്ചു. ഹോശിയാർപൂരിലെ പ്രമുഖനായ ശൈഖ് മെഹർ അലിക്ക് ഇപ്രകാരം കത്തെഴുതി: ഞാൻ രണ്ടു മാസത്തേക്ക് ഹോശിയാർപൂരിൽ വരാൻ ആഗ്രഹിക്കുന്നു. നഗരത്തിന് പുറത്തു ള്ളതും മുകൾനിലയുള്ളതുമായ ഒരു വീട് ഏർ പ്പാടാക്കണം. ശൈഖ് മെഹർ അലി തവേല എന്നറിയപ്പെട്ടിരുന്ന തന്റെ ഒരു വീട് ഇതിനായി ഒഴിഞ്ഞുകൊടുത്തു. ഹുസൂർ കാളവണ്ടിയിൽ ബിയാസ് വഴി അങ്ങോട്ട് യാത്ര തിരിച്ചു. ഞാനും ശൈഖ് ഹാമിദ് അലിയും ഫതഹ് ഖാനും കൂടെയുണ്ടായിരുന്നു. ഹുസൂർ നദീ തീരത്ത് എത്തിയപ്പോൾ അക്കര കടക്കാൻ ഒരു വഞ്ചി എടുത്തു. വഞ്ചി നീങ്ങിക്കൊണ്ടിരിക്കെ ഹുസൂർ എന്നോട് ഇപ്രകാരം പറഞ്ഞു: മിയാൻ അബ്ദുല്ലാഹ്, ഒരു വരിഷ്ഠന്റെ സമ്പർക്കം ഈ നദീയാത്ര പോലെയാണ്. അക്കരയെത്താമെന്ന പ്രതീക്ഷയുമുണ്ട്, മുങ്ങിപ്പോയേക്കാമെന്ന ഭയവുമുണ്ട്. മിയാൻ അബ്ദുല്ലാഹ് പറയുന്നു: ഞാൻ അന്ന് ഹുസൂർ പറഞ്ഞത് അത്രമാത്രം ഗൗനിച്ചില്ല. എന്നാൽ പിന്നീട് ഫതഹ് ഖാൻ മുർതദ് ആയപ്പോഴാണ് എനിക്കത് ഓർമ വന്നത്.

അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) കൈയെഴുത്തുപ്രതി നോട്ടീസുകളിലൂടെ ഇപ്ര കാരം വിളംബരപ്പെടുത്തി: നാൽപ്പതു ദിവസ ത്തേക്ക് ആരും എന്നെ കാണാൻ വരരുത്, ആരും എന്നെ വിരുന്നിനായി ക്ഷണിക്കുകയും ചെയ്യരുത്. ഈ നാൽപ്പതു ദിവസത്തിന് ശേഷം ഞാൻ ഇരുപത് ദിവസം കൂടി ഇവിടെ താമസിക്കും. ആ സമയത്ത് കാണാൻ ആഗ്ര ഹിക്കുന്നവർക്ക് കാണാം, വിരുന്നിന് ക്ഷണി ക്കാൻ ഉദ്ദേശിക്കുന്നവർക്ക് അതും ആകാം, ചോദ്യോത്തരങ്ങൾ ആഗ്രഹിക്കുന്നവർക്ക് അങ്ങനെയുമാകാം. വാതിൽ അകത്തുനിന്നും എപ്പോഴും പൂട്ടിയിരിക്കണം എന്ന് ഞങ്ങളോടും അദ്ദേഹം കൽപ്പിച്ചു. വീട്ടിലുള്ളവരും എന്നെ വിളിക്കരുത്. ആരും മുകൾനിലയിലേക്ക് വരു കയും ചെയ്യരുത്. ഞാൻ നമസ്കാരം മുകളിൽ തന്നെ നിർവഹിക്കും. എന്നാൽ ജുമുഅ നിർബ ന്ധമായതിനാൽ നഗരത്തിന്റെ ഒരു വശത്തുള്ള വിജനമായ വല്ല മസ്ജിദും കണ്ടെത്താൻ അദ്ദേഹം നിർദേശിച്ചു.

ഒരിക്കൽ ഹദ്റത്ത് സാഹിബ് എന്നോട് പറഞ്ഞു: മിയാൻ അബ്ദുല്ലാഹ്, ഈ ദിവസങ്ങളിൽ എനി ക്കായി അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹ ങ്ങളുടെ വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നു. ചിലപ്പോൾ ദീർഘനേരം അല്ലാഹു എന്നോട് സംസാരിച്ചുകൊണ്ടിരിക്കും. ഈ സംഭവ

ങ്ങൾ എഴുതുകയാണെങ്കിൽ അത് പല താളുകളുണ്ടാകും. മിയാൻ അബ്ദുല്ലാഹ് സാഹിബ് പറയുന്നു, വാഗ്ദത്ത പുത്രനെ സംബന്ധിച്ച ഇൽഹാമുകൾ ഈ ചില്ലാകശിയിലാണ് ഉണ്ടായത്. ആ ചില്ലയ്ക്ക് ശേഷം ഹോശിയാർപൂരിൽ വച്ച് തന്നെ അദ്ദേഹം ഈ പ്രവചനം പരസ്യപ്പെടുത്തി. ഇത് 1886 ഫെബ്രുവരി 20-ലെ വിളംബരമാണ്, ഇത് ജമാഅത്തിൽ മുസ്‌ലിഹ് മൗഊദ് പ്രവചനം എന്ന പേരിലും അറിയപ്പെടുന്നു. ഇന്ന് ഫെബ്രുവരി 20 ആണ്, വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള പ്രവചനം മഹത്തായ പ്രതാപത്തോടെ പൂർത്തിയായ ദിവസമാണ് എന്നതും ഒരു പ്രത്യേക യാദൃശ്ചികതയാണ്. പ്രവചനപ്രകാരം ജനിച്ച ആ വാഗ്ദത്ത പുത്രന്റെ ഖിലാഫത്ത് അമ്പത്തിരണ്ട് വർഷം നിലനിൽക്കുകയും അല്ലാഹു അദ്ദേഹത്തിന് മഹത്തായ വിജയങ്ങൾ നല്കുകയും ചെയ്തു. മുസ്‌ലിഹ് മൗഊദ് പ്രവചനത്തിലുണ്ടായിരുന്ന എല്ലാ പ്രവചനങ്ങളും ഇൽഹാമുകളും കാര്യങ്ങളും ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ലൂടെ പൂർത്തിയായി. ഈ സംഭവം ഇന്ന് തന്നെ എന്റെ മുന്നിൽ വന്നതിനാലാണ് ഞാൻ ഇത് യാദൃശ്ചികതയാണെന്ന് ഞാൻ പറയുന്നത്, അല്ലെങ്കിൽ ഇത് മുമ്പോ പിമ്പോ വരാമായിരുന്നു. എന്നാൽ ഇന്ന് തന്നെ ഇത് വരണമെന്നതും ഞാൻ ഇത് വിവരിക്കണമെന്നതും അല്ലാഹു വിന്റെ ഹിക്മത്ത് (യുക്തിദീക്ഷ) ആയിരിക്കാം. ഇതിന്റെ യോഗങ്ങൾ ഇപ്പോൾ ജമാഅത്തിൽ നടന്നുകൊണ്ടിരിക്കുന്നു. എം.ടി.എ പ്രോഗ്രാമുകളിലൂടെയും ഇതിന്റെ ചരിത്രം അറിയാൻ സാധിക്കും, അവ കാണേണ്ടതാണ്. അതിനാൽ മനുഷ്യൻ എപ്പോഴും സ്വന്തം പര്യവസാനം ശുഭമാകുന്നതിനായി പ്രാർഥിക്കുകയും ഈമാന്റെ സ്ഥിരതയ്ക്കായി പരിശ്രമിക്കുകയും വേണം. പ്രത്യേകിച്ച് റമദാനിലെ പ്രാർഥനകളിൽ അല്ലാഹു നമ്മുടെ പര്യവസാനം ശുഭമാക്കിത്തരട്ടെ എന്നും ഈമാനിൽ ഉറപ്പിച്ചു നിർത്തട്ടെ എന്നും ഓരോരുത്തരും പ്രാർഥിക്കണം.

അതുപോലെ ആ മഹാത്മാവ് നമസ്കാരം നിർവഹിക്കുന്നതിനെക്കുറിച്ച് മറ്റൊരു സംഭവമുണ്ട്. ചില ആളുകൾ നമസ്കാരത്തിലെ ഫിഖ്ഹീ വശങ്ങളെക്കുറിച്ചും എങ്ങനെ കൈ കെട്ടണം എന്നും നമസ്കാരത്തിലെ വിവിധ ചലനങ്ങൾ എപ്രകാരമായിരിക്കണം എന്നും ചോദിക്കാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) എങ്ങനെയാണ് ആരാധനകൾ നിർവഹിച്ചിരുന്നത് എന്നും എങ്ങനെയാണ് നമസ്കരിച്ചിരുന്നത് എന്നും മിയാൻ അലി മുഹമ്മദ് സാഹിബ് വിവരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് സാഹിബ് സുന്നത്ത് നമസ്ക്കരിക്കുന്നത് ഞാൻ കാണുകയുണ്ടായി. ഹുസൂർ (അ) കൈകൾ പൊക്കിളിന് മുകളിലായാണ് കെട്ടിയിരുന്നത്. വലതു കൈയിന്റെ നടുവിരൽ ഇടതുകൈമുട്ടു വരെ എത്തുമായിരുന്നു, അല്ലെങ്കിൽ അല്പം പിന്നിലായി നിൽക്കും. സുജൂദ് ചെയ്യുമ്പോൾ രണ്ട് കൈകൾക്കും ഇടയിലായാണ് നെറ്റിയും മൂക്കും നിലത്ത് വച്ചിരുന്നത്. വിരലുകൾ നേരെ കഅ്ബയുടെ ദിശയിലേക്കായിരുന്നു വച്ചിരുന്നത്. സുജൂദിൽ നിന്ന് എഴുന്നേൽക്കുമ്പോൾ, അദ്ദേഹത്തിന്റെ തലപ്പാവ് അല്പം അയഞ്ഞതായതിനാൽ അത് പിന്നിലേക്ക് നീങ്ങുമായിരുന്നു, അത് വിരൽ കൊണ്ട് അദ്ദേഹം ശരിയാക്കുമായിരുന്നു.

ഹദ്റത്ത് മാസ്റ്റർ നസീർ ഹുസൈൻ സാഹിബ് അദ്ദേഹത്തിന്റെ തഹജ്ജുദ് നമസ്കാരത്തിന്റെ അവസ്ഥ വിവരിച്ചുകൊണ്ട് എഴുതുന്നു: രാത്രി ഏകദേശം മൂന്ന് മണിയായപ്പോൾ മുറിക്കുള്ളിൽ ഹുസൂർ നമസ്കരിക്കുകയായിരുന്നു. ഞാനും വുളു ചെയ്ത ശേഷം ഹുസൂറിന്റെ പിന്നിലായി അല്പം മാറി നിന്ന് നമസ്കരിക്കാൻ തുടങ്ങി. ഹുസൂർ എത്രത്തോളം ദീർഘമായി ഖിയാമോ റുകൂഓ സുജൂദോ ചെയ്യുന്നുവോ അത്രത്തോളം ചെയ്യാൻ ഞാൻ ഒരുപാട് ശ്രമിച്ചു എങ്കിലും എനിക്ക് സാധിച്ചില്ല. വെറും രണ്ട് റക്അത്തുകൾ കൊണ്ട് തന്നെ ഞാൻ നന്നേ തളർന്നുപോയി. എന്നാൽ ഹുസൂർ അപ്പോഴും അതേ റക്അത്തിൽ തന്നെയായിരുന്നു. അതായത് ഞാൻ ഏത് റക്അത്തിലാണോ ചേർന്നത്, ഹുസൂർ അപ്പോഴും ആ റക്അത്തിന്റെ ഖിയാമിൽ തന്നെയായിരുന്നു. പകൽ സമയം ഹുസൂറിന് ചുറ്റും ഞങ്ങൾ ഇരിക്കുമ്പോൾ അദ്ദേഹം ജമാഅത്തിനോട് തഹജ്ജുദ്

നമസ്കരിക്കാൻ ഊന്നിപ്പറയുകയും ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു. അപ്പോൾ ഞാൻ ഇപ്രകാരം ചോദിച്ചു: തഹജ്ജുദ് നമസ കരിക്കാൻ സാധിച്ചില്ലെങ്കിൽ കുറഞ്ഞപക്ഷം എന്ത് ചെയ്യണം? അതിന് ഹുസൂർ മറുപടി നല്കി: ആ സമയത്ത് ഇസ്തിഗ്ഫാർ ധാരാളമായി ചൊല്ലുക, അല്ലാഹുവിന്റെ തസ്ബീഹും തഹ്മീദും ധാരാളമായി നിർവഹിക്കുക, അതിലൂടെ തഹജ്ജുദ് നമസ്കരിക്കാനുള്ള തൗഫീഖ് ലഭിക്കും. അദ്ദേഹം പഠിപ്പിച്ചു തന്ന ഈ പ്രാർഥനകൾ തഹജ്ജുദിന് പകരമാകാനല്ല, മറിച്ച് തഹജ്ജുദ് നമസ്കരിക്കാനുള്ള തൗഫീഖ് ലഭിക്കാനാണ്. അതിനാൽ നമ്മുടെ അശ്രദ്ധയുടെ നാളുകളിൽ നമ്മളും ഈ രീതി സ്വീകരിക്കണം.

ഇപ്പോൾ നമ്മൾ റമദാനിലൂടെ കടന്നുപോകുകയാണ് കുറച്ചൊക്കെ തഹജ്ജുദിന് തൗഫീഖ് ലഭിക്കുന്നുണ്ട്. ലഭിക്കാത്തവർ അതിനായി പരിശ്രമിക്കണം. തീർച്ചയായും മസ്ജിദിൽ തറാവീഹ് നമസ്കാരം നടക്കുന്നുണ്ട്, ഇത് ദുർബലർക്കും രോഗികൾക്കും കൃത്യസമയത്ത് എഴുന്നേൽക്കാൻ സാധിക്കാത്തവർക്കും വേണ്ടി ഒരു ബദലെന്ന നിലയിലാണ്. എങ്കിലും തഹജ്ജുദിന്റെ പൂർണമായ കടമ നിറവേറ്റാൻ ഇതിന് സാധിക്കില്ല. രാത്രി എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുക എന്നതാണ് നബി തിരുമേനി(സ)യുടെ സുന്നത്തും അദ്ദേഹത്തിന്റെ യഥാർഥ ദാസന്റെ രീതിയും. അതിനാൽ തറാവീഹ് നമസ്കരിച്ചിട്ടുണ്ടെങ്കിലും രാത്രി എഴുന്നേറ്റ് രണ്ടോ നാലോ നഫ്ലുകളെങ്കിലും തഹജ്ജുദ് നമസ്കരിക്കാൻ പരിശ്രമിക്കണം. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ദുനിയാവിന്റെ കാര്യങ്ങൾ പൂർണമായും ഉപേക്ഷിക്കരുത്, അല്ലാഹു നല്കിയ അനുഗ്രഹങ്ങളെ വിലമതിക്കുകയും വേണം. ഇത് ഓരോരുത്തരുടെയും സാഹചര്യങ്ങൾക്കനുസരിച്ചുള്ള കാര്യമാണ്. ലോകത്തിൽ പാടേ മുങ്ങിപ്പോകാൻ പാടില്ലെന്നും എന്നാൽ ലോകത്തോടുള്ള കടമകൾ തീർത്തും ഇല്ലാതാകുന്ന വിധം എല്ലാം ഉപേക്ഷിക്കണമെന്നും ഇതിന് അർഥമില്ല. ഇസ്ലാം പഠിപ്പിക്കുന്നത് സന്തുലിതമായ ഒരു മാർഗമാണ്, അത് നമ്മൾ സ്വീകരിക്കണം

ഈ റമദാനിൽ യഥാർഥത്തിൽ ആരാധനയുടെ കടമ ശരിയായി നിറവേറ്റാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. അല്ലാഹുവിനോടുള്ള സ്നേഹത്തിൽ വളരാനും ഈ റമദാനിന്റെ അനുഗ്രഹാതിരേകത്തിൽ നിന്ന് പരമാവധി പ്രയോജനം നേടാനും അതിനുശേഷവും ആ അനുഗ്രഹ ഫലങ്ങൾ നമ്മിൽ നിലനിൽക്കാനും അല്ലാഹു തൗഫീഖ് നല്കട്ടെ. ഈ നാളുകളിൽ പ്രത്യേകിച്ച് പ്രതിസന്ധികളിലും കള്ളക്കേസുകളിലും അകപ്പെട്ടിരിക്കുന്ന അഹ്മദികൾക്ക് വേണ്ടി ധാരാളമായി പ്രാർഥിക്കുക. അഹ്മദി സഹോദരങ്ങൾക്കായി അല്ലാഹു എളുപ്പങ്ങൾ സംജാതമാക്കട്ടെ. മുസ്ലിം ഉമ്മത്തിനെയും പ്രാർഥനകളിൽ ഓർക്കുക. അക്രമികളെ അല്ലാഹു പിടികൂടുകയും നിരപരാധികളെ സംരക്ഷിക്കുകയും ചെയ്യട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔


**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 20.02.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY AMNAS PK

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516